"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതു വിദ്യാഭ്യാസം- 2006-07 മുതൽ 2010-11 വരെയുള്ള കാലഘട്ടത്തിലെ അധിക ഡിവിഷനിലെ നിയമനങ്ങൾ അംഗീകരിക്കുന്നതു സംബന്ധിച്ച് പുറപ്പെടുവിച്ചിരുന്ന സർക്കുലറും അതിനു സ്പഷ്ടീകരണം നല്കിയിരുന്ന പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കത്തും പിൻവലിച്ച് ഉത്തരവാകുന്നു

പൊതു വിദ്യാഭ്യാസ(ജെ) വകുപ്പ്

സ.ഉ.(കൈ) നം.135/2019/പൊ.വി.വ തീയതി,തിരുവനന്തപുരം, 31/08/2019

പരാമർശം:- 1 സ.ഉ(പി)10/10/പൊ.വി.വ തീയതി 12-01-2010

2 സർക്കുലർ 100/ജെ2/17/പൊ.വി.വ തീയതി 11-09-2018

3 പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 26-03-2019 ലെ എച്ച്2/11606/19/പൊ.വി.വ നമ്പർകത്ത്

4 റിട്ട് അപ്പീൽ നം.2132/2018 ൽ ബഹു.ഹൈക്കോടതി ഡിവിഷൻ ബെഞ്ച് പുറപ്പെടുവിച്ച 26-07-2019 ലെ ഇടക്കാല വിധി

ഉത്തരവ്

2006-07 മുതൽ 2010-11 വരെയുള്ള കാലഘട്ടത്തിലെ അധിക ഡിവിഷനിലെ നിയമനങ്ങൾ അംഗീകരിക്കുന്നതു സംബന്ധിച്ച വ്യവസ്ഥകൾ സൂചന ഒന്ന് ഉത്തരവിലൂടെ പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത വ്യവസ്ഥകളിൽ ഉൾപ്പെട്ട ബോണ്ട് നിബന്ധന ചില മാനേജർമാർ പാലിക്കാത്തതിനാൽ അംഗീകാരം ലഭിക്കാതെ തുടരുന്ന അദ്ധ്യാപകരിൽ ചിലർ ഫയൽ ചെയ്ത കോടതി കേസുകളിലുണ്ടായ വിധിന്യായം നടപ്പിലാക്കുന്നതു സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ സൂചന രണ്ട് സർക്കുലർ പ്രകാരം സർക്കാർ പുറപ്പെടുവിച്ചിരുന്നു. ഇതിന്റെ പ്രാബല്യ തീയതി സംബന്ധിച്ച് പൊതു വിദ്യാഭ്യാസ ഡയറക്ടർ സൂചന മൂന്ന് സ്പഷ്ടീകരണവും പുറപ്പെടുവിച്ചിരുന്നു.

സൂചന ഒന്ന് ഉത്തരവിനെതിരെ ചില എയിഡഡ് സ്കൂൾ മാനേജർമാർ ബഹു . സുപ്രീം കോടതിയിൽ ഫയൽ ചെയ്ത കേസ് ഇപ്പോൾ ബഹു:കോടതിയുടെ പരിഗണനയിലാണ്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ബോണ്ട് സമർപ്പിച്ച് നിയമനാംഗീകാരം നേടിയെടുത്ത സ്കൂൾ മാനേജർമാരും ബഹു : കോടതി ബോണ്ട് വച്ചതായി കണക്കാക്കി നിയമനാംഗീകാരം നല്കാൻ ഉത്തരവായ കേസുകളിൽ നിയമനതീയ്യതി മുതൽ അംഗീകാരം നേടിയവരുമുണ്ട് . ഇത്തരത്തിൽ വ്യക്തമായ സാഹചര്യം നിലനിൽക്കേ , സർക്കാർ ഉത്തരവിന് സർക്കുലർ വഴി സ്പഷ്ടീകരണം നല്കിയത്

ശരിയല്ലെന്ന നിയമാഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ സൂചന രണ്ട് സർക്കുലറും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ സൂചന മൂന്ന് കത്തും പിൻവലിച്ചുത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എ.ഷാജഹാന്

സെക്രട്ടറി

**പുറത്തെഴുത്ത് കത്ത് നമ്പർ എച്ച്2/11606/2019/ഡി.ജി.ഇ തീയതി 04-09-2019**

ഉത്തരവിന്റെ പകർപ്പ് എല്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെയും അറിവിലേക്കും അനന്തര നടപടികൾ സ്വീകരിക്കുന്നതിനായും അയക്കുന്നു. ഇതിനകം നിരസിക്കപ്പെട്ടിട്ടുള്ള നിയമനാംഗീകാര പ്രൊപ്പോസലുകൾ ഈ ഉത്തരവിന്റെ വെളിച്ചത്തിൽ അപ്പലേറ്റ് ഉത്തരവ് കൂടാതെ തന്നെ ജില്ലാ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ പുനഃപരിശോധിക്കേണ്ടതാണ്. അപ്പീലധികാരികളുടെ പക്കൽ ഈ വിഷയത്തിൽ നിലവിലുള്ള അപ്പീലുകൾ ബന്ധപ്പെട്ടവർക്ക് തിരിച്ചയക്കാവുന്നതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

സ്വീകർത്താക്കൾ :

1) എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരും
2) എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും

പകർപ്പ് :

1) എല്ലാ സ്കൂൾ മാനേജർമാർക്കും
(വെബ്സൈറ്റ്/വിദ്യാഭ്യാസ ഓഫീസർ മുഖാന്തരം)
2) വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ്, പൂജപ്പുര
(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)